# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5576 27.03.2018-ൽ മറുപടിയ്ക്ക്.

## ഗ്രാമ പഞ്ചായത്ത്- നഗര സഭ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമ പഞ്ചായത്തുകൾ, നഗര സഭകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നിലവിലുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഗ്രാമ പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വികസന ഫണ്ട്, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.<br><br>ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പൊതു വിഭാഗം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നീ വികസഫണ്ടിന്റെ 30 ശതമാനത്തിൽ അധികരിക്കാത്ത തുകയും നഗരസഭകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 50 ശതമാനത്തിൽ അധിക്കരിക്കാത്ത തുകയും പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ 30 ശതമാനത്തിൽ അധികരിക്കാതെയുമുള്ള തുക പശ്ചാത്തലമേഖലയുടെ വികസനത്തിനായി വകയിരുത്തേണ്ടതാണ്. കൂടാതെ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനവും സംരക്ഷണവും |

| | | | |
|---|---|---|---|
| | | | നടത്താവുന്നതാണ്.<br><br>റോഡ്, പാലങ്ങൾ, ബസ്സ്റ്റാന്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, ഉദ്പാദന സേവന മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസ് കെട്ടിടങ്ങൾ, ഓഫീസ് ആവശ്യത്തിനുള്ള വാഹനങ്ങൾ, ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതീകരണം, ഷോപ്പിംഗ് കോംപ്ളക്സുകൾ, ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ചോലകൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം. ഫാം റോഡ്, ട്രാക്ടർ റാമ്പ് തുടങ്ങിയവയാണ് നഗരസഭകൾ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ. |
| **(ബി)** | ഏതെല്ലാം വായ്പാ പദ്ധതികളാണ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ളത്; ഇത് നൽകുന്ന സ്ഥാപനങ്ങളുടെ കോണ്ടാക്റ്റ് നമ്പർ അഡ്രസ്സ് എന്നിവ നൽകാമോ;<br>ഏതെല്ലാം പദ്ധതികൾക്കാണ് വായ്പ സൗകര്യമുള്ളതെന്നും, പലിശ എത്രയാണെന്നും വ്യക്തമാക്കാമോ; | **(ബി)** | ബസ് ടെർമിനിനലുകൾ, ഷോപ്പിംഗ് കോംപ്ളക്സുകൾ, ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്. കെ.യു.ആർ.ഡി.എഫ്.സി, ഹഡ്കോ, ഇതര ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും വായ്പ അനുവദിച്ചു വരുന്നു. കെ.യു.ആർ.ഡി. എഫ്.സി , ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ അഡ്രസ്സ്, കോണ്ടാക്റ്റ് നമ്പർ ചുവടെ ചേർക്കുന്നു.<br><u>കെ.യു.ആർ.ഡി.എഫ്.സി</u><br>ട്രാൻസ് ടവേഴ്സ്<br>5-ാം നില, വഴുതക്കാട്,<br>തിരുവനന്തപുരം- 14<br>ഫോൺ - 0471-2339742<br><u>ഹഡ്കോ</u><br>3-ാം നില,<br>സാഫല്യം, പാളയം, യൂണിവേഴ്സിറ്റി റോഡ്, തിരുവനന്തപുരം – 695034<br>നിലവിൽ നഗരസഭകൾക്ക് 10% പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ സാമ്പത്തികവർഷം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്നും,ആയതിന്റെ ലിസ്റ്റ്,അനുവദിച്ച തുക എന്നിവയുടെ വിശദവിവരവും ലഭ്യമാക്കാമോ? | (സി) | ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുടെ 58743 പ്രോജക്ടുകളും, ബ്ലോക്ക് പഞ്ചായത്തുകളുടെ 3255 പ്രോജക്ടുകളും, ജില്ലാ പഞ്ചായത്തുകളുടെ 3565 പ്രോജക്ടുകളും, മുനിസിപ്പാലിറ്റികളുടെ 10728 പ്രോജക്ടുകളും കോർപ്പറേഷനുകളിലെ 2601/- പ്രോജക്ടുകളും ഈ സാമ്പത്തികവർഷം അംഗീകാരം നേടിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>അനുവദിച്ച തുക<br><br>ഗ്രാമപഞ്ചായത്ത് - 20317372681/ രൂപ<br>ബ്ലോക്ക് പഞ്ചായത്ത് - 1945346541/- രൂപ<br>ജില്ലാ പഞ്ചായത്ത് - 4852847464/- രൂപ<br>മുനിസിപ്പാലിറ്റി - 6204868107/- രൂപ<br>കോർപ്പറേഷൻ - 3994937227/- രൂപ |

സെക്ഷൻ ഓഫീസർ